# കേരള സർവകലാശാല

നം. പി.ആർ.114/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാലയുടെ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസിന്റെ പ്രാക്ടിക്കൽ (പ്രൊജക്ട് റിപ്പോർട്ട് ആന്റ് വൈവ വോസി) പരീക്ഷകൾ മെയ് 29 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബിരുദ പ്രവേശനം 2017 – അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം

കേരള സർവകലാശാല 2017 വർഷത്തെ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് മെയ് 9–ന് ട്രെയിനിങ് നൽകിയിരുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുത്തവർക്കായി മെയ് 29–ാം തീയതി രാവിലെ പതിനൊന്ന് മണിക്ക് സർവകലാശാല ആസ്ഥാനത്തുള്ള കമ്പ്യൂട്ടർ സെന്ററിൽവെച്ച് പരിശീലനം നൽകുന്നു. ഒരു അക്ഷയ കേന്ദ്രത്തിൽ നിന്ന് ഒരാൾക്ക് ഈ സൗജന്യ പരിശീലനത്തിൽ പങ്കെടുക്കാം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മെയ് 27–ാം തീയതി വൈകുന്നേരം നാല് മണിക്ക് മുൻപ് 0471–2386296 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം. പരാതി രഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിട്ടാണ് സർവകലാശാല ഇത്തരത്തിൽ പരിശീലനം നൽകുന്നത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ അറിയിക്കുന്നു. പങ്കെടുക്കുന്നവർ സ്വന്തം ചെലവിൽ ഹാജരാകണം.

### KMAT പരീക്ഷ

ജൂൺ 11–ന് നടക്കുന്ന KMAT-2017 പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. കൂടുതൽ വിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.ബി.എ പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മെയ് 30 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.ബി.എ (2010 അഡ്മിഷൻ – മേഴ്സി ചാൻസ്, 2011, 2012 അഡ്മിഷൻ) പരീക്ഷയ്ക്ക് അമ്പലത്തറ നാഷണൽ കോളേജ്, വാഴിച്ചൽ ഇമ്മാനുവൽ കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ്, തോന്നയ്ക്കൽ എ.ജെ കോളേജ്, കുറവൻകോണം യു.ഐ.ടി, നെയ്യാറ്റിൻകര യു.ഐ.ടി എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി കുറവൻകോണം യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതും ചവറ എം.എസ്.എൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊല്ലം യു.ഐ.ടി, കൊല്ലം എസ്.എൻ കോളേജ്, എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി കൊല്ലം യു.ഐ.ടി-യിൽ പരീക്ഷയെഴുതേണ്ടതും കരുവാറ്റ യു.ഐ.ടി, തുറവൂർ എസ്.എൻ.ജി.എം, എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി ആലപ്പുഴ

യു.ഐ.ടി-യിൽ പരീക്ഷയെഴുതേണ്ടതും കൊട്ടാരക്കര യു.ഐ.ടി, അടൂർ യു.ഐ.ടി എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി അടൂർ യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതുമാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
25.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098